# File No.LSGD-EPA1/145/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ക്ലാർക്ക് ശ്രീ.ഷെബി ഷാജഹാന്റെ ഹാജരില്ലായ്മ കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.558/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/02/2021

---

പരാമർശം:- 1 സ.ഉ(സാധാ)നം.3390/2007/തസ്വഭവ, തീയതി 10.12.2007

2 ശ്രീ.ഷെബി ഷാജഹാന്റെ 03.12.2019ലെ ശൂന്യവേതനാവധിയപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 02.07.2019, 04.12.2020 എന്നീ തീയതികളിലെ ഇ6-1452/19നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ക്ലാർക്ക് ശ്രീ.ഷെബി ഷാജഹാന് കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII A യിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി 01.10.2009 മുതൽ 08.11.2009 വരെയുള്ള ടിയാന്റെ ഹാജരില്ലായ്മ കാലയളവ് ക്രമീകരിക്കുന്നതിനായി പരാമർ ശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ ഭാഗം 1, അപ്പൻഡിക്സ് XII A, പ്രകാരമുള്ള അവധിയോടൊപ്പം മറ്റ് അവധികളൊന്നും ചേർത്ത് അനുവദിക്കാൻ വ്യവസ്ഥയില്ല എന്നതിനാൽ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ക്ലാർക്ക് ശ്രീ.ഷെബി ഷാജഹാന്റെ 01.10.2009 മുതൽ 08.11.2009 വരെയുള്ള ഹാജരില്ലായ്മ കാലയളവ് 01.10.2009 ന് മുൻപ് ടിയാൻ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്ത പക്ഷം മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.ഷെബി ഷാജഹാൻ, ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, പത്തനംതിട്ട
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(145/ഇപിഎ1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danyill

സെക്ഷൻ ഓഫീസർ